LIBRARY ARCHIVES Kerala Legislative Assembly

അജ്ഞാതവാഹനങ്ങൾ തട്ടി അപകടത്തിൽപ്പെടുന്നവർ

21 (*21) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജ്ഞാതവാഹനങ്ങൾ തട്ടി അപകടത്തിൽപ്പെടുന്നവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങളിൽ അപകടത്തിൽപ്പെട്ടവർക്കോ കുടുംബത്തിനോ നഷ്ടപരിഹാരം ലഭ്യമാക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) നിയമാനുസൃത നഷ്ടപരിഹാരം ലഭ്യമാക്കാൻ നിശ്ചിത സമയപരിധി ഇല്ലാത്ത സാഹചര്യത്തിൽ, അപകടത്തിൽപ്പെടുന്നവരുടെ അടിയന്തര ചികിത്സ, പുന:രധിവാസം തുടങ്ങിയവയ്ക്ക് പ്രത്യേക ഫണ്ട് സ്വരൂപിക്കാൻ നടപടി സ്വീകരിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഇല്ല. അത്തരത്തിലുള്ള വാഹനാപകടങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നത്. കണക്ക് താഴെ പറയും പ്രകാരമാണ്.

വർഷം		
2013	-	242
2014	-	240
2015	-	203

(ബി) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 163 (1) വകുപ്പ് അനുസരിച്ച് S.O.440 (E) തീയതി 12.06.1989 പ്രകാരം കേന്ദ്ര ഗവൺമെന്റ് സൊലേഷ്യം സ്കീം 1989 പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ടി സ്കീമിലെ ഖണ്ഡിക 11 പ്രകാരം ജില്ലാതല കമ്മിറ്റി രൂപീകരിക്കണമെന്നും ജില്ലാ കളക്ടർ

സെറ്റിൽമെന്റ് കമ്മീഷണർ, ആയിരിക്കുമെന്നും പുറമേ 4 അംഗങ്ങൾ കൂടി അടങ്ങിയതായിരിക്കും ജില്ലാതല കമ്മിറ്റിയെന്നും ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെ ഡിവിഷണൽ മാനേജർ ഒരു അംഗം ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്ലെയിംസ് എൻക്വയറി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റിയുടെ യോഗത്തിൽ അജ്ഞാതവാഹനം തട്ടിയുള്ള കേസ്സുകളിൽ ഭൂരിപക്ഷാഭിപ്രായ പ്രകാരം തീരുമാനമെടുക്കുകയും ഫാറം നമ്പർ IV-ൽ ക്ലെയിം സെറ്റിൽമെന്റ് കമ്മീഷണർ, മരണപ്പെടുന്ന കേസ്സുകളിൽ പരമാവധി 25,000 രൂപയും (ഇരുപത്തി അയ്യായിരം രൂപ മാത്രം) പരിക്കുപറ്റുന്ന കേസ്സുകളിൽ പരമാവധി 12500 രൂപയും (പന്തീരായിരത്തി അഞ്ഞൂറ് രൂപ മാത്രം) നഷ്ടപരിഹാരം അനുവദിക്കുകയും മരണം സംഭവിക്കുന്ന കേസ്സുകളിൽ മരിച്ചവരുടെ നിയമപരമായ അവകാശികൾക്കും, അല്ലാത്ത കേസ്സുകളിൽ പരിക്ക് പറ്റുന്നവർക്കും നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. ഇൻഷ്വറൻസ് കമ്പനി ഉത്തരവ് ലഭിച്ച് ദിവസത്തിനുള്ളിൽ അനുവദിച്ചിട്ടുള്ള സംഖ്യ ചെക്കായോ ഡിമാന്റ് ഡ്രാഫ്റ്റായോ ബന്ധപ്പെട്ട കക്ഷികൾക്ക് അയച്ചുകൊടുക്കുന്നു.

(സി) അത്തരം നിർദ്ദേശങ്ങൾ നിലവിലില്ല.

പ്രധാനമന്ത്രിയുടെ ആദ്യ കേരള സന്ദർശനത്തിൽ നൽകിയ നിവേദനം

22 (*22) ശ്രീ. ജി. സുധാകരൻ :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. ബി. സത്യൻ :

ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ആദ്യ കേരള സന്ദർശന വേളയിൽ സംസ്ഥാനത്തിന്റെ എതെല്ലാം ആവശ്യങ്ങൾ സർക്കാർ ശ്രദ്ധയിൽ കൊണ്ടു വരികയുണ്ടായി; ഇതിനായി,കൂടിക്കാഴ്ച നടത്തിയത് എവിടെ വച്ചായിരുന്നു;

(ബി) രണ്ടു ദിവസം കേരളത്തിലുണ്ടായിരുന്ന പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ചയ്ക്ക് മന്ത്രിമാർക്ക് എത്ര സമയം അനുവദിച്ചു കിട്ടി; ആവശ്യങ്ങൾ എല്ലാം ബോധിപ്പിക്കാൻ സാദ്ധ്യമായോ;

LIBRARY ARCHIVES Kerala Legislative Assembly